<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2426</u> <u>14.06. 2019 ൽ മറുപടിക്ക്</u>

# അലങ്കാരങ്ങൾക്കും ആർഭാടങ്ങൾക്കും വൈദ്യുതി നിയന്ത്രണം

<u>ചോദ്യം</u>

ശ്രീമതി.ഇ.എസ്. ബിജിമോൾ

<u>ഉത്തരം</u>

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് അലങ്കാരങ്ങൾക്കും ആർഭാടങ്ങൾക്കുമായി വൻകിട വ്യാപാര സ്ഥാപനങ്ങളും മറ്റ്സ്ഥാപനങ്ങളും ഉപയോഗിക്കുന്ന വൈദ്യുതിക്ക് പ്രത്യേക വൈദ്യുതി ചാർജ് ഈടാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; | (എ) സംസ്ഥാനത്ത് നിലവിൽ തന്നെ പരസ്യ ബോർഡുകൾക്കും വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ പുറമെ സ്ഥാപിച്ചിരിക്കുന്ന ദീപാലങ്കാരങ്ങൾക്കുള്ള വൈദ്യുതി 'LT-IX Display lightings & Hoardings' എന്ന പ്രത്യേക താരിഫ് പ്രകാരമാണ്, ബില്ല് ചെയ്തു വരുന്നത്. |
| (ബി) ഇത്തരം ആവശ്യങ്ങൾക്കുള്ള വൈദ്യുതി സോളാർ പാനൽ വഴി കണ്ടെത്തുവാൻ സ്ഥാപന ഉടമയെ പ്രേരിപ്പിക്കാൻ കഴിയുന്ന ആകർഷണീയമായ പദ്ധതികൾ ആവിഷ്കരിക്കാൻ ബോർഡ് നടപടി സ്വീകരിക്കുമോ; | (ബി) ഉപഭോക്താക്കൾക്ക് ആവശ്യമുള്ള വൈദ്യുതി സോളാർ പാനൽ വഴി ഉത്പാദിപ്പിക്കുന്നതിനു വേണ്ട പ്രോത്സാഹനം നൽകുന്നതിന് സൗര എന്ന പദ്ധതി നിലവിൽ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷയെ മുൻനിർത്തി ബോർഡിന്റെ നിയന്ത്രണത്തിൽ കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള സോളാർ പാനൽ നിർമ്മിക്കുന്നതിനുള്ള കമ്പനി ആരംഭിക്കുവാൻ പദ്ധതി ഉണ്ടോ;വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷയെ മുൻനിർത്തി ബോർഡിന്റെ നിയന്ത്രണത്തിൽ കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള സോളാർ പാനൽ നിർമ്മിക്കുന്നതിനുള്ള കമ്പനി ആരംഭിക്കുവാൻ നിലവിൽ പദ്ധതികളൊന്നും ആലോചനയിലില്ല. |

സെക്ഷൻ ഓഫീസർ